# ഭാരത-ചൈന അതിർത്തി വിഷയങ്ങൾക്കുള്ള വർക്കിംഗ് മെക്കാനിസം ഫോർ കൺസൽട്ടേഷൻ ആൻഡ് കോർഡിനേഷൻ്റെ (WMCC) 31-ാമത് യോഗം

2024 ഓഗസ്ത് 29

ഭാരത-ചൈന അതിർത്തി വിഷയങ്ങൾക്കുള്ള വർക്കിംഗ് മെക്കാനിസം ഫോർ കൺസൽട്ടേഷൻ ആൻഡ് കോർഡിനേഷൻ്റെ (WMCC) 31-ാമത് യോഗം 2024 ഓഗസ്റ്റ് 29-ന് ബെയ്ജിംഗിൽ നടന്നു. വിദേശകാര്യ മന്ത്രാലയത്തിൽ നിന്നുള്ള ജോയിൻ്റ് സെക്രട്ടറി (കിഴക്കൻ ഏഷ്യ) ശ്രീ. ഗൗരംഗലാൽ ദാസ് ഭാരതീയ പ്രതിനിധിസംഘത്തെ നയിച്ചു. ചൈനീസ് വിദേശകാര്യ മന്ത്രാലയത്തിൻ്റെ അതിർത്തി-സമുദ്രകാര്യ വകുപ്പിൻ്റെ ഡയറക്ടർ ജനറൽ ശ്രീ. ഹോങ് ലിയാങ് ആണ് ചൈനീസ് പ്രതിനിധിസംഘത്തെ നയിച്ചത്.

2 ചർച്ചകൾ ത്വരിതപ്പെടുത്തുന്നതിനായി 2024 ജൂലൈയിൽ അസ്താനയിലും വിയൻ്റിയാനിലും നടന്ന രണ്ട് വിദേശകാര്യ മന്ത്രിമാരുടെ യോഗങ്ങളിൽ നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായും, കഴിഞ്ഞ മാസം നടന്ന ഡബ്ല്യു.എം.സി.സി യോഗത്തിൻ്റെ അടിസ്ഥാനത്തിലും യഥാർത്ഥ നിയന്ത്രണരേഖയിലെ (എൽ.എ.സി) സാഹചര്യത്തെ സംബന്ധിച്ചുള്ള അഭിപ്രായവ്യത്യാസങ്ങൾ കുറയ്ക്കുന്നതിനും, പരിഹാരമാകാത്ത വിഷയങ്ങളിൽ സത്വരപരിഹാരം കണ്ടെത്തുന്നതിനുമായി ഇരുപക്ഷവും വ്യക്തവും ക്രിയാത്മകവും ഭാവിയിലേക്ക് ഉതകുന്നതുമായ വീക്ഷണങ്ങൾ കൈമാറി. ഇതിനായി നയതന്ത്ര-സൈനിക മാർഗങ്ങൾ വഴി ബന്ധം കൂടുതൽ ശക്തമാക്കുന്നതിന് അവർ സമ്മതിച്ചു.

3. അതേസമയം, പ്രസക്തമായ ഉഭയകക്ഷി കരാറുകൾക്കും നടപടിക്രമങ്ങൾക്കും ഇരു സർക്കാരുകളും തമ്മിലുള്ള ധാരണകൾക്കും അനുസൃതമായി അതിർത്തി പ്രദേശങ്ങളിൽ സമാധാനവും സമാധാനവും സംയുക്തമായി നിലനിർത്തുവാൻ അവർ തീരുമാനിച്ചു. ശാന്തിയും സമാധാനവും പുനഃസ്ഥാപിക്കുക, എൽ.എ.സി-യെ മാനിക്കുക എന്നിവ ഉഭയകക്ഷി ബന്ധങ്ങളിൽ സാധാരണനില പുനഃസ്ഥാപിക്കുന്നതിന് അനിവാര്യമാണെന്ന് ഊന്നിപ്പറയുകയും ചെയ്തു.

4. ഭാരത പ്രതിനിധി സംഘത്തലവൻ ചൈനയിലെ വിദേശകാര്യ മന്ത്രാലയത്തിൻ്റെ ഉപമന്ത്രിയെയും സന്ദർശിച്ചു.

**ന്യൂ ഡൽഹി**
**2024 ഓഗസ്റ്റ് 29**